15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553 **06-12-2022 - ൽ മറുപടിയ്ക്ക്**

ക്ഷേമപെൻഷനുകളും മാനദണ്ഡങ്ങളും

ചോദ്യം		ഉത്തരം	
ശ്രീ. പി. ടി. എ. റഹീം		ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)	
(എ)	ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഇവ ഓരോന്നിന്റെയും അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;	(എ)	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും കൂടാതെ സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പ മുഖേന വിതരണം ചെയ്യുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നീ പെൻഷനുകളാണ് സർക്കാർ നൽകുന്നത്. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. വിവിധ ക്ഷേമനിധി ബോർഡു പെൻഷനുകൾ അതാത് ബോർഡുകളിലെ നിയമാവലി പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നൽകുന്നത്. **സാംസ്കാരിക വകുപ്പ മുഖേനയുള്ള പെൻഷനുകൾ** **1. കലാകാര പെൻഷൻ-** 11.08.2017-ലെ സ.ഉ (കൈ) നമ്പർ 21/2017 സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ചട്ടങ്ങൾ അനുസരിച്ചാണ് കലാകാര പെൻഷൻ അപേക്ഷകൾ പരിഗണിക്കുന്നത്. 60 വയസ്സ് പ്രായമുള്ളവരും വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധം **(1)** ആയി ചേർക്കുന്നു.

2. അവശ കലാകാര പെൻഷൻ- 31.12.2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 530/2003/ സി.എ.ഡി. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് കലാകാര പെൻഷൻ നൽകുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം **(2)** ആയി ചേർക്കുന്നു.

കായിക യുവജനക്ഷേമ വകുപ്പ് മുഖേന നൽകുന്ന പെൻഷനുകൾ

1**. സർക്കസ് കലാകാര പെൻഷൻ-**

- കുറഞ്ഞത് 15 വർഷമെങ്കിലും സർക്കസ് പ്രകടനത്തിൽ ഏർപ്പെട്ടിട്ടുണ്ടായിരിക്കണം. എന്നാൽ സർക്കസ് പ്രകടനത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് അവശത അനുഭവിക്കുന്നവർക്ക് ഈ നിബന്ധന ബാധകമല്ല.
- 45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷൻമാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും പെൻഷന് അർഹതയുണ്ട്. എന്നാൽ സർക്കസ് പ്രകടനത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് അവശതയനുഭവിക്കുന്നവർക്ക് ഈ നിബന്ധന ബാധകമല്ല.
- 3000 രൂപയിൽ താഴെ പ്രതിമാസ വരുമാനമുള്ളവർക്ക് പെൻഷന് അർഹതയുണ്ട്.

2.അവശ കായികതാര പെൻഷൻ-

കായികരംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുള്ളവരും നിലവിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരും 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുമാണ് അവശ കായികതാര പെൻഷന് അർഹരായിട്ടുള്ളത്.

അനുബന്ധം

സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് (വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല)

അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (2000 രൂപ വരെ

എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)

അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.

അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).

1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള , ടാക്സിയല്ലാത്ത , നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.

അപേക്ഷകൻ കേന്ദ്രസർക്കാർ/ മറ്റുസംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/ പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്ന വ്യക്തിയാകരുത്.

7. അപേക്ഷകൻ കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ

ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

8. വിവിധ ദേവസ്വം ബോർഡുകളിലെ (തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽ മാണിക്യം) സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന വിരമിച്ച ജീവനക്കാരനാകരുത്

(22.09.2022 മുതൽ പ്രാബല്യം).

9. സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച്, കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്

(22.09.2022 മുതൽ ബാധകം)

ഓരോ ഇനം പെൻഷനുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ

1. വാർദ്ധക്യകാല പെൻഷൻ

I) പെൻഷൻ അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസ്സാണ്.

2. കർഷക തൊഴിലാളി പെൻഷൻ

i) 60 വയസ്സോ അതിനു മുകളിലോ ആയിരിക്കണം

ii) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം

3. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

I) അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

ii) അപേക്ഷക അവിവാഹിതയായിരിക്കണം

4. വിധവാ പെൻഷൻ

i) ഭർത്താവ് മരണപ്പെട്ടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാ എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

ii) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

iii) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

iv) ഖണ്ഡിക 4(ii) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.

5. വികലാംഗ പെൻഷൻ

i) 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള വ്യക്തിയായിരിക്കണം.

ii) വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും .

ii) വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല .

iv) നിലവിൽ വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

v) തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റ് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

6. മറ്റ് മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ

06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

06/02/2017മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ

തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

(എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവുകൾ/

സ്റ്റാഫുകൾ എന്നിവരിൽ 4000/- രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ മാത്രം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ഈ വിഭാഗം ജീവനക്കാരിൽ 4000/- രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ, ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(ബി) ഇ. പി. എഫ് പെൻഷൻ ലഭിക്കുന്ന വിരമിച്ച തൊഴിലാളികളിൽ 4000/- രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും, 4000/- രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

പ്രതിമാസം 4000/- രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/ എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ കുടുംബ പെൻഷണർമാർ നിലവിൽ മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധിബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ അവർക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ട്.

ഒരു ഗുണഭോക്താവിന് ഇ.പി.എഫ്/ ക്ഷേമനിധി ബോർഡ്/ സാമൂഹ്യ സുരക്ഷാ എന്നിവ ഉൾപ്പെടെ ഏതെങ്കിലും രണ്ടിനം പെൻഷനുകൾ ലഭിക്കുന്നതിനേ അർഹതയുള്ളൂ.

സാംസ്കാരികം/ കായിക യുവജനക്ഷേമം എന്നീ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കാൻ അർഹതയുണ്ട്.

(എ) തനതു ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗമായ സർക്കസ്

			പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ / അവശ കലാകാര പെൻഷൻകാർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സർക്കസ്/ അവശ കായികതാര / കലാകാര / അവശ കലാകാര പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. (ബി) വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക്, മറ്റ് പെൻഷനുകളൊന്നും കൈപ്പറ്റാത്ത പക്ഷം, മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കസ് പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ/ അവശ കലാകാര പെൻഷൻ എന്നിവയിൽ ഏതെങ്കിലും ഒന്ന് 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. നിലവിൽ സർക്കസ് പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ/ അവശ കലാകാര പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് ലഭിക്കുന്ന ഭിന്നശേഷിക്കാർക്ക് മറ്റ് പെൻഷനുകളൊന്നും കൈപ്പറ്റാത്ത പക്ഷം, മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ/ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ താഴെ വിശദീകരിച്ചിട്ടുള്ള വിഭാഗത്തിലുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഗണത്തിൽപ്പെടുന്നു. (എ) 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ (ബി) താമസിക്കുന്ന വീട്ടിൽ എയർകണ്ടീഷണർ ഉള്ളവർ. (സി) കുടുംബത്തിൽ 1000 സി.സി- യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനമുള്ളവർ. (x) അനാഥ/ അഗതി/ വൃദ്ധ മന്ദിരങ്ങളിൽതാമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

			(xi) പെൻഷൻ ഗുണഭോക്താവ് മരിച്ച ശേഷം അനുവദിക്കുന്ന പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടയിരിക്കുന്നതല്ല.
(ബി)	സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട കാലയളവിൽ വലിയ വീടുകൾ നിർമ്മിക്കുകയും പിന്നീട് ദരിദ്രാവസ്ഥയിലെത്തുകയും ചെയ്തവർക്ക് വീടിന്റെ വിസ്തൃതി കൂടുതലാണെന്ന കാരണത്താൽ പെൻഷൻ നിഷേധിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് തീരുമാനമാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?	(ബി)	2000 ച. അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് ചെയ്തതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതുമായ കെട്ടിടങ്ങൾ ഉള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉള്ള ഗണത്തിൽപ്പെടുന്നതിനാൽ അവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് പ്രകാരമുള്ള വരുമാനം, ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ പ്രകാരം അർഹതയുള്ളവർക്ക് മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയുള്ളൂ. അപ്രകാരം അർഹതയുള്ളവർക്കെല്ലാം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുവരുന്നു. അർഹതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. മറ്റ് ക്ഷേമ പെൻഷനുകൾക്ക് അതാത് ക്ഷേമനിധി ബോർഡുകൾ/ വകുപ്പുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളാണ് ബാധകമായുള്ളത്.

സെക്ഷൻ ഓഫീസർ

File No.CLAD-C3/341/2016-CLAD

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്- കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി- ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(കൈ)/21/2017/സാം.കാ.വ തിരുവനന്തപുരം,തീയതി, 11/08/2017

പരാമർശം:- സ.ഉ.(എം.എസ്)നം.49/99/സി.എ.ഡി. തീയതി: 08.11.1999.

ഉത്തരവ്

സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയുടെ പരാമർശ ഉത്തരവ് പ്രകാരമുള്ള നിലവിലെ ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ വരുത്തിയും തയ്യാറാക്കിയ പുതിയ ചട്ടങ്ങൾ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. പുതുക്കിയ ചട്ടങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത.കെ

അഡീഷണൽ സെക്രട്ടറി

1) ഡയറക്ടർ, സാംസ്കാരിക വകുപ്പ്.
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
3) എല്ലാ ജില്ലാ കളക്ടർമാർക്കും.
4) സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
5) സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ.
6) സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി, തൃശ്ശൂർ.
7) സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ.
8) രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ, തൃശ്ശൂർ.
9) സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി
10) സെക്രട്ടറി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
11) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
12) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
13) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള പരിഷ്കരിച്ച ചട്ടങ്ങൾ</u>

1. ഈ ചട്ടങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

2. ഓരോ ആൾക്കും പ്രതിമാസം 1,500 (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

<u>കേരളീയ ക്ഷേത്ര കലകൾ</u>

i. <u>വാദ്യകലകൾ</u> : -മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്

ii. <u>ക്ലാസിക് കലകൾ</u> :- പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം

iii. <u>ക്ഷേത്ര ശില്പകല</u> :-തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.

iv. <u>ചിത്രകല</u> :-ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ

v. <u>നാടൻ കലാരൂപങ്ങൾ</u> : - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

vi. <u>ആദിവാസി കലകൾ</u> : - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ)

4. സിനിമയുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഈ പദ്ധതി പ്രകാരം കലാകാര പെൻഷന് അപേക്ഷിക്കാവുന്നതല്ല.

5. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയിൽ കവിയാത്തവരും ആയ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

<u>കുറിപ്പ്</u>

(i)പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിമാസ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്.

(ii)കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്ര സർക്കാർ ഉൾപ്പെടെ)

ലഭിക്കുന്ന എല്ലായിനം പെൻഷനും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

(iii)സർവ്വീസ് പെൻഷന് അതാത് കാലങ്ങളിൽ അനുവദിക്കുന്ന ഡി.എ. വരുമാനമായി കണക്കാക്കുന്നതല്ല.

6. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, ജനനത്തീയതി തെളിയിക്കുന്ന രേഖ, ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്കയയ്ക്കേണ്ടതുമാണ്.

9. മുഖ്യമന്ത്രി, സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി, സാംസ്കാരിക കാര്യ വകുപ്പ സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതി കലാകാര പെൻഷന്റെ നിരക്കും കാലാവധിയും നിശ്ചയിക്കുന്നതാണ്.

10. കലാകാര പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

11. അനുവദിക്കപ്പെടുന്ന കലാകാര പെൻഷൻ മാസംതോറും നിശ്ചിത നിരക്കിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് നൽകപ്പെടുന്നതാണ്.

12. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷൻ അനുവദിക്കപ്പെട്ട എന്നോ കലാകാര പെൻഷൻ അനുവദിക്കപ്പെട്ടയാളിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരുന്നുവെന്നോ, അല്ലെങ്കിൽ പിന്നീട് മെച്ചപ്പെട്ടുവെന്നോ ബോധ്യമായാൽ അനുവദിച്ച കലാകാരപെൻഷൻ നിർത്തലാക്കുന്നതും നൽകിയ തുക തിരിച്ച് ഈടാക്കുന്നതുമാണ്.

13.കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

14. കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കലാകാര പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് മൂന്നുവർഷത്തിലൊരിക്കൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുൻപാകെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

15. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഇന്ത്യക്കകത്ത് എവിടെ താമസിക്കുകയാണെങ്കിലും പെൻഷൻ തുക അവർക്ക് മണി ഓർഡറായി അയച്ചു കൊടുക്കുന്നതാണ്.

16. അനുവദിച്ച കലാകാര പെൻഷൻ തുക മുഴുവൻ വാങ്ങിക്കുന്നതിന് മുൻപ് കലാകാരൻ മരണപ്പെടുകയാണെങ്കിൽ തുടർ പെൻഷൻ നിയമാനുസരണം അനന്തരാവകാശിയായ ഭർത്താവ്/ഭാര്യയ്ക്ക് മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെ വാങ്ങാനുള്ള പെൻഷൻ തുക ലഭിക്കുന്നതാണ്.

17. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ആൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷൻ അനന്തരാവകാശികൾക്ക്, യുക്തമായ അന്വേഷണത്തിന് ശേഷം സാംസ്കാരികവകുപ്പ് ഡയറക്ടർ അനുവദിച്ചു കൊടുക്കുന്നതാണ്.

18. കലാകാര പെൻഷൻ ലഭിക്കുന്ന കലാകാരന്മാരുടെ ഒപ്പ് ഒരിക്കൽ മാത്രം (ആദ്യം പെൻഷൻ വാങ്ങുമ്പോൾ)സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

19. ആറുമാസത്തിലൊരിക്കൽ തങ്ങൾ ജീവിച്ചിരിക്കുന്നു എന്നുള്ളതിന് ഒരു ഗസറ്റഡ് ആഫീസറുടെ സർട്ടിഫിക്കറ്റ് കലാകാര പെൻഷൻ വാങ്ങുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

അനുബന്ധം - 2.

CLAD-C3/323/2022-CLAD

കേരള സർക്കാർ

സംഗ്രഹം

അവശ സിനിമാ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കിവരുന്ന തുകയിൽ നിന്നും ധനസഹായം നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

കൾചറൽ (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ റ്റി) നം. 530/2003/സി.എ.ഡി. തിരുവനന്തപുരം, തീയതി, 31.12.2003

പരാമർശം:- 1. ജി.ഒ (ആർ ടി)നം 58/92/പി ആർ തീയതി 23.3.92.
2. ജി.ഒ (ആർ ടി)നം 358/03/സി.എ.ഡി, തീയതി 5.9.2003

ഉത്തരവ്

പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം അവശ സിനിമ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും സർവ്വീസ് ചാർജിനത്തിൽ ഈടാക്കിവരുന്ന തുകയിൽ നിന്നും നല്കിവരുന്ന പെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതുകൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പുതിയ ചട്ടങ്ങൾ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ആജ്ഞാനുസരണം.

ഇ.കെ. ഭരത്ഭൂഷൺ,
സെക്രട്ടറി

സെക്രട്ടറി, കേരള ചലച്ചിത്ര അക്കാദമി.
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സെക്രട്ടറി, മലയാള ചലച്ചിത്ര പരിഷത്ത്
സെക്രട്ടറി, ഫിലിം ചേംബർ ഓഫ് കോമേഴ്സ്.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി.
ഡയറക്ടർ, പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ.
ഓഫീസ് കോപ്പി.
പെൻഷൻ അനുവദിച്ചിട്ടുള്ള എല്ലാവർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

6776006/2022/(d)CLAD

CLAD-C3/323/2022-CLAD

2

സിനിമ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും ചലച്ചിത്ര അക്കാദമി സർവ്വീസ് ചാർജിനത്തിൽ ഈടാക്കിയ തുകയിൽനിന്നും ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ

1. ഈ ചട്ടങ്ങൾക്ക് അവശ സിനിമ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും സർവ്വീസ് ചാർജിനത്തിൽ ഈടാക്കിയ തുകയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

2. ഈ ചട്ടങ്ങൾ കേരളീയരും അവശരുമായ മലയാള സിനിമാ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും ബാധകമാണ്.

3. ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം 'കേരളീയൻ' എന്ന പദത്തിന് എവിടെയെങ്കിലും താമസിക്കുന്ന ഒരു മലയാളിയോ കേരളത്തിന്റെ അതിരുകൾക്കുള്ളിൽ വസിക്കുന്ന ഏതെങ്കിലും ആളോ എന്നർത്ഥമാകുന്നു

4. താഴെ പറയുന്ന വിഭാഗം ആളുകളെ കലാകാരന്മാർ, സാങ്കേതികജ്ഞർ എന്ന് തരംതിരിച്ച് പരിഗണിക്കുന്നതാണ്.

കലാകാരൻ

1. നടൻ/നടി (ഫിലിം)
2. നർത്തകൻ/നർത്തകി (ഫിലിം)
3. ഗായകൻ/ഗായിക (ഫിലിം)

സാങ്കേതികജ്ഞർ

1. ക്യാമറാമാൻ (ഫിലിം)
2. ഫിലിം എഡിറ്റർ
3. ഫിലിം സംവിധായകൻ
4. കലാ സംവിധായകൻ (ഫിലിം)
5. തിരക്കഥാകൃത്ത്
6. നൃത്തസംവിധായകൻ (ഫിലിം)
7. മേക്കപ്പ്മാൻ (ഫിലിം)
8. ശബ്ദലേഖനം ചെയ്യുന്ന ആൾ (ഫിലിം)
9. ലാബ് ടെക്നീഷ്യൻമാർ

(5)

(1) 50 (അമ്പത്) വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000/- രൂപയിൽ കവിയാത്തവരും ആയ സിനിമാ കലാകാരൻമാർക്ക് പെൻഷന് അപേക്ഷിക്കാവുന്നതാണ്.

6776006/2022/(C). CLAD

കുറിപ്പ്:-

(1) പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർന്നുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിവർഷ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്

(2) കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്രസർക്കാർ ഉൾപ്പെടെ) ലഭിക്കുന്ന എല്ലാവിധ പെൻഷനും കണക്കിലെടുക്കേണ്ടതാണ് എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല

(3) വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും മറ്റ് തീയതി തെളിയിക്കുന്ന രേഖ ഒരു ഗസറ്റഡ് ഓഫീസറാൽ സാക്ഷ്യപ്പെടുത്തിയതും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) ഒരു വർഷത്തിലൊരിക്കൽ ഇവർ ജീവിച്ചിരിക്കുന്നു എന്നുള്ളതിന് ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

(2) ഈ ചട്ടത്തിന്റെ ആവശ്യത്തിന് താഴെപ്പറയുന്ന ആളുകളെ കുടുംബാംഗങ്ങളായി കരുതപ്പെടുന്നതാണ്.

1. വിധവ
2. വിഭാര്യൻ
3. പിതാവ്
4. മാതാവ്
5. അവിവാഹിതയായ പുത്രി
6 പ്രായപൂർത്തിയാകാത്ത പുത്രൻ

(6) ഈ ധനസഹായം ആജീവനാന്ത കാലത്തേക്ക് 1000 രൂപ വീതം പ്രതിമാസ പെൻഷൻ രൂപത്തിൽ നൽകുന്നതാണ്. രണ്ടു വർഷം കൂടുമ്പോൾ ജനുവരി മാസത്തിൽ തഹസീൽദാരിൽനിന്നോ തഹസീൽദാരുടെ പദവിക്കു താഴെ അല്ലാത്ത ഒരു റവന്യൂ ഉദ്യോഗസ്ഥനിൽ നിന്നോ അപേക്ഷകർ തമിഴ്നാട്ടിലുള്ളവരാണെങ്കിൽ ചെന്നൈ മലയാള ചലച്ചിത്ര പരിഷത്തിൽനിന്നോ വരുമാനം സംബന്ധിച്ച സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

(7) ജീവിച്ചിരിക്കുന്ന അവശരായ കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായം താഴെ പറയുന്ന മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.

1. അനാരോഗ്യം മൂലം തൊഴിൽ രഹിതരായ കലാകാരന്മാർ
2 പ്രായാധിക്യം മൂലം തൊഴിൽരഹിതരായ കലാകാരന്മാർ.

(8) (i) മരണമടഞ്ഞ കലാകാരന്മാരുടെ ആശ്രിതർക്കുള്ള ധനസഹായം താഴെ പറയുന്ന മുൻഗണനാക്രമത്തിൽ നൽകുന്നതായിരിക്കും.

1. വിധവ
2. വിഭാര്യൻ
3. പിതാവ്
4. മാതാവ്
5. അവിവാഹിതയായ പുത്രി
6. പ്രായപൂർത്തിയാകാത്ത പുത്രൻ

(ii) ഒരു സമയം ഒരാൾക്ക് മാത്രമേ ധനസഹായം നൽകുകയുള്ളൂ

(iii) രണ്ടു വർഷം കൂടുമ്പോൾ ജനുവരി മാസത്തിൽ തഹസിൽദാരുടെ പദവിക്ക് താഴെയല്ലാത്ത ഒരു റവന്യൂ ഉദ്യോഗസ്ഥനിൽ നിന്നോ ചെന്നൈ മലയാള ചലച്ചിത്ര പരിഷത്തിൽ നിന്നോ (മദ്രാസിലുള്ളവർ) വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

(iv) (1) വിധവയും വിഭാര്യനും പുനർ വിവാഹം നടത്തിയാൽ പെൻഷൻ നിർത്തലാക്കുന്നതാണ്
(2) അവിവാഹിതയായ പുത്രി വിവാഹം കഴിച്ചാൽ ധനസഹായം നിറുത്തലാക്കുന്നതാണ്.
(3) പ്രായപൂർത്തിയാകാത്ത പുത്രന് നൽകുന്ന ധനസഹായം പ്രായപൂർത്തിയായി മൂന്നു വർഷം തികയുമ്പോൾ നിറുത്തലാക്കുന്നതാണ്.

(v) വിധവയുടെയും വിഭാര്യന്റെയും കാര്യത്തിൽ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റും അവിവാഹിതയായ മക്കളുടെ കാര്യത്തിൽ വിവാഹിതരല്ല എന്ന സർട്ടിഫിക്കറ്റും പ്രായപൂർത്തിയാകാത്ത പുത്രന് പ്രായപൂർത്തിയായിട്ടില്ലെന്നോ പ്രായപൂർത്തിയായി മൂന്നു വർഷം തികഞ്ഞിട്ടില്ലെന്നോ ഉള്ള സർട്ടിഫിക്കറ്റും രണ്ടുവർഷത്തിലൊരിക്കൽ തഹസിൽദാരിൽ നിന്നോ തഹസിൽദാരുടെ പദവിക്കു താഴെയല്ലാത്ത ഒരു റവന്യൂ ഉദ്യോഗസ്ഥനിൽ നിന്നോ അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിന്നോ ചെന്നൈ മലയാള ചലച്ചിത്ര പരിഷത്തിൽ നിന്നോ വാങ്ങി ഹാജരാക്കേണ്ടതാണ്.

(9). - അനുമതി നൽകിയിരുന്നത് തെറ്റായ കാരണങ്ങളിൻമേലാണെന്നോ അല്ലെങ്കിൽ പെൻഷൻകാരന്റെ സാമ്പത്തിക സ്ഥിതി പിന്നീട് മെച്ചപ്പെട്ടുവെന്നോ അല്ലെങ്കിൽ പെൻഷൻ വാങ്ങിയത് തെറ്റായ വിവരങ്ങൾ നൽകി കബളിപ്പിച്ചിട്ടാണെന്നോ ഏതെങ്കിലും സമയത്ത് തെളിയുന്നപക്ഷം അനുവദിച്ച പെൻഷൻ റദ്ദാക്കുന്നതാണ്.

(10). ചലച്ചിത്ര അക്കാദമി സെക്രട്ടറി പെൻഷൻ അനുവദിക്കുന്നതിന് അധികാരമുള്ള അധികാരിയായിരിക്കുന്നതാണ്.

CLAD-C3/323/2022-CLAD

6776006/2022/(C) CLAD